# UNIVERSITY OF CALICUT

**(Pareekshabhavan)**

211181/FYUGP CELL-ASST-1/2024/PB (I)

10.09.2026

## NOTIFICATION

മൂന്നാം സെമെസ്റ്ററിൽ മേജർ വിഷയം സ്വിച്ച് ചെയ്ത FYUGP 2025 വിദ്യാർത്ഥികൾക്ക്, ഡെഫിഷ്യൻസി ക്രെഡിറ്റുകൾ ആവശ്യാനുസരണം നേടിയെടുക്കുന്നതിനായി ഒന്നും രണ്ടും സെമെസ്റ്ററുകളിൽ എഴുതേണ്ട കോഴ്സുകളുടെ വിവരങ്ങളും, എക്സ്ട്രാ ക്രെഡിറ്റ്സ് ആയി പരിഗണിക്കേണ്ടത് ഏതൊക്കെ കോഴ്സുകളുടെ ക്രെഡിറ്റ് ആണെന്നും വിദ്യാർത്ഥികളുടെ തീരുമാനത്തിന് അനുസൃതമായി, 03.09.2025 തീയതിയിലെ യു.ഒ.നം.12619/2025/Admn-ൽ പറഞ്ഞിരിക്കുന്ന മാർഗനിർദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട്, കോളേജുകൾ പരീക്ഷഭവനെ **18.09.2026** തീയതിക്കകം താഴെ നൽകിയ പ്രൊഫോർമയിൽ അറിയിക്കേണ്ടതാണ് . email: **cufyugpcell@uoc.ac.in**

NB - 03.09.2025 തീയതിയിലെ യു.ഒ.നം.12619/2025/Admn (മാർഗനിർദേശങ്ങൾ), പ്രൊഫോർമ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

Dr.Sunoj Kumar P
Controller Of Examinations

To

1. The Principals of all Affiliated Arts & Science Colleges 2. The Principals of all Arabic Colleges 3.The Principals of all Colleges of Applied Sciences 4. All information Centres 5. Co-ordinators of CCSIT's.

Copy to : PA to CE / PRO / SUVEGA / CE's Section / Section Concerned / Digital Wing / AR- DR Concerned / AR-SSH

File Ref.No.141427/GA - IV - J2/2023/Admn (PART-I)

**UNIVERSITY OF CALICUT**

**Abstract**

ജനറൽ ആൻഡ് അക്കാദമിക് IV - നാലുവർഷ ബിരുദപ്രോഗ്രാം - മൂന്നാം സെമസ്റ്ററിലുള്ള മേജർ സ്വിച്ചിങ് - വിശദമായ മാർഗനിർദേശങ്ങൾ - വൈസ് ചാൻസലർ അംഗീകരിച്ചതിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**G & A - IV - J**

U.O.No. 12619/2025/Admn — Dated, Calicut University.P.O, 03.09.2025

---

*Read:*-1. നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ റെഗുലേഷൻ (CUFYUGP Regulations 2024)
2. 15.07.2025 തീയതിയിലെ 5487/FYUGP CELL-ASST-1/2025/PB നമ്പറിലുള്ള കുറിപ്പ്
3. 29.07.2025 ന നടന്ന CUFYUGP Steering Committee യുടെ യോഗത്തിന്റെ ഇനം നമ്പർ 3 ലെ തീരുമാനം

**ORDER**

1. സൂചന (1) പ്രകാരം നടപ്പിലാക്കിയ, അഫിലിയേറ്റഡ് കോളേജുകൾക്ക് ബാധകമായിട്ടുള്ള നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ റെഗുലേഷനിൽ (CUFYUGP Regulations 2024) രണ്ടാം സെമസ്റ്റർ പൂർത്തിയാക്കിയതിനുശേഷം / മൂന്നാം സെമസ്റ്ററിൽ മേജർ വിഷയം സ്വിച്ച് ചെയ്യാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. ഒന്നും രണ്ടും സെമസ്റ്ററുകളിൽ പഠിച്ച 4 ക്രെഡിറ്റ് നേടിയ മൈനർ കോഴ്സ് / 3 ക്രെഡിറ്റ് നേടിയ മൾട്ടി ഡിസിപ്ലിനറി കോഴ്സ് ലേക്കാണ് സ്വിച്ച് ചെയ്യാൻ അവസരമുള്ളത്.
2. മേല്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, സ്വിച്ചിങ്ങുമായി ബന്ധപ്പെട്ട വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി പരീക്ഷ ഭവനിലെ FYUGP സെല്ലിൽ നിന്നും സൂചന (2) പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം CUFYUGP Steering Committee യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.
3. മേല്പറഞ്ഞ വിഷയം, സൂചന (3) പ്രകാരം CUFYUGP Steering Committee പരിഗണിക്കുകയും മൂന്നാം സെമസ്റ്ററിൽ മേജർ വിഷയം സ്വിച്ച് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗനിർദേശങ്ങൾ രൂപീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു.
4. CUFYUGP Steering Committee യുടെ തീരുമാനം കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ടിലെ സെക്ഷൻ 10(13) പ്രകാരം അക്കാഡമിക് കൗൺസിലിന്റെ അധികാരം വിനിയോഗിച്ചുകൊണ്ട് വൈസ് ചാൻസലർ അംഗീകരിച്ചു .
5. ആയതിനാൽ, അഫിലിയേറ്റഡ് കോളേജുകൾക്ക് ബാധകമായിട്ടുള്ള നാലുവർഷ ബിരുദപ്രോഗ്രാമുകളുടെ റെഗുലേഷൻ പ്രകാരം മൂന്നാം സെമസ്റ്ററിൽ അനുവദിച്ചിട്ടുള്ള മേജർ വിഷയം സ്വിച്ച് ചെയ്യുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗനിർദേശങ്ങൾ ഇതോടൊപ്പം നടപ്പിൽവരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. (പ്രസ്തുത മാർഗനിർദേശങ്ങൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്)

Ajayakumar T.K

Assistant Registrar

To

The Principals of affiliated colleges/Controller of Examinations
Copy to : PS to VC/PA to Registrar/PA to CE/G & A IV B/C/E/K Sections/SF

Forwarded / By Order

Section Officer

**<u>സ്വിച്ചിങ്ങുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ</u>**

1) ആദ്യ രണ്ട് സെമസ്റ്ററുകളിൽ ഒരേ ഡിസിപ്ലിനിൽ രണ്ട് minor കോഴ്സ് ചെയ്ത 8 credits നേടിയ വിദ്യാർത്ഥി ഈ discipline ലേക്ക് Major switch ചെയ്യുകയാണെങ്കിൽ ഈ discipline പുതിയ Major ആവുകയും ഇതിൽ നേടിയ 8 credits പുതിയ Major ന്റെ ആദ്യ രണ്ടു സെമസ്റ്ററുകളിലെ 8 credits ആയി കണക്കാക്കുകയും ചെയ്യും. വിദ്യാർത്ഥി ആദ്യം തിരഞ്ഞെടുത്ത Major കോഴ്സുകൾ സ്വിച്ചിങ്ങിനെ തുടർന്ന് minor ആയി മാറുമ്പോൾ , ആദ്യ Majorകോഴ്സുകളുടെ 8 credits പുതിയ Minor ന്റെ ആദ്യ രണ്ടു സെമസ്റ്ററുകളിലെ 8 credits ആയി കണക്കാക്കുകയും ചെയ്യും. പുതിയ Major ലെയും പുതിയ Minor ലെയും ആദ്യത്തെ രണ്ടു സെമസ്റ്ററുകളിലെ മറ്റു കോഴ്സുകൾ ഒന്നും അധികമായി എഴുതി എടുക്കേണ്ടതില്ല.

2) ആദ്യ രണ്ട് സെമസ്റ്ററുകളിൽ ഒരേ ഡിസിപ്ലിനിൽ നാല് minor കോഴ്സുകൾ ചെയ്ത 16 credits നേടിയ വിദ്യാർത്ഥി ഈ discipline ലേക്ക് Major switch ചെയ്യുകയാണെങ്കിൽ ഈ discipline പുതിയ Major ആകുകയും, 16 credits ൽ 8 credits പുതിയ Major ന്റെ ആദ്യ രണ്ടു സെമസ്റ്ററുകളിലെ 8 credits ആയി കണക്കാക്കുകയും ചെയ്യും. ബാക്കിയുള്ള 8 credits, extra credits ആയി പരിഗണിക്കുകയും ചെയ്യും. കൂടാതെ, വിദ്യാർത്ഥി ആദ്യം തിരഞ്ഞെടുത്ത Major കോഴ്സുകൾ minor ആയി മാറുമ്പോൾ, ആദ്യ രണ്ടു സെമസ്റ്ററുകളിൽ ആകെ 2 Minor കോഴ്സുകൾ മാത്രമാവുകയും Deficient ആയ 8 credits നേടിയെടുക്കുന്നതിനാവശ്യമായ minor കോഴ്സുകൾ ബന്ധപ്പെട്ട സെമസ്റ്ററുകളിൽ എഴുതിയെടുക്കേണ്ടതുമാണ്.

3) ആദ്യ രണ്ട് സെമസ്റ്ററുകളിൽ ഒരേ ഡിസ്സിപ്ലിനിൽ മൂന്ന് minor കോഴ്സുകൾ ചെയ്ത 12 credits നേടിയ ഒരു discipline ലേക്ക് Major switch ചെയ്യുകയാണെങ്കിൽ ഈ discipline പുതിയ Major ആകുകയും 12 credits ൽ 8 credits പുതിയ Major ന്റെ ആദ്യ രണ്ടു സെമസ്റ്ററുകളിലെ 8 credits ആയി കണക്കാക്കുകയും ചെയ്യും. ബാക്കിയുള്ള 4 credits, extra credits ആയി പരിഗണിക്കുകയും ചെയ്യും. കൂടാതെ , വിദ്യാർത്ഥി ആദ്യം തിരഞ്ഞെടുത്ത Major കോഴ്സുകൾ minor ആയി മാറുമ്പോൾ, ആദ്യ രണ്ടു സെമസ്റ്ററുകളിൽ ആകെ 3 Minor കോഴ്സുകൾ മാത്രമാവുകയും (2 മൈനർ കോഴ്സുകൾ ഒരേ ഡിസിപ്ലിനും ഒരെണ്ണം വ്യത്യസ്ത ഡിസിപ്ലിനും) Deficient ആയ 4 credits നേടിയെടുക്കുന്നതിനാവശ്യമായ minor കോഴ്സ് ബന്ധപ്പെട്ട സെമസ്റ്ററുകളിൽ എഴുതിയെടുക്കേണ്ടതുമാണ്.

4) ആദ്യ രണ്ട് സെമെസ്റ്ററുകളിൽ ഒരു minor കോഴ്സ് ചെയ്ത 4 credits നേടിയ ഒരു discipline ലേക്ക് Major switch ചെയ്യുകയാണെങ്കിൽ ഈ discipline പുതിയ Major ആകുകയും 4 credits പുതിയ Major ന്റെ ബന്ധപ്പെട്ട സെമസ്റ്ററിലെ 4 ക്രെഡിറ്റ്സ് ആയി കണക്കാക്കുകയും ചെയ്യും. സ്വിച്ച് ചെയ്യപ്പെട്ട വിഷയത്തിലെ 4 deficient ക്രെഡിറ്റ്സ് നേടിയെടുക്കുന്നതിനായി ആ വിഷയത്തിന്റെ അതേ സെമസ്റ്ററിലെ ഒരു Major Course എഴുതിയെടുക്കേണ്ടതുമാണ്. കൂടാതെ, വിദ്യാർത്ഥി ആദ്യം തിരഞ്ഞെടുത്ത Major കോഴ്സുകൾ minor ആയി മാറുമ്പോൾ, വിദ്യാർത്ഥിക്ക് ആദ്യ രണ്ടു സെമസ്റ്ററുകളിൽ 5 Minor കോഴ്സുകൾ ആവുകയും ഇതിൽ ഒരെണ്ണത്തിന്റെ credits എക്സ്ട്രാ ക്രെഡിറ്റ്സ് ആയി കണക്കാക്കുകയും ചെയ്യാവുന്നതാണ്.

5) സ്വിച്ചിങ്ങിനു ശേഷം പഴയ Majorവിഷയം പുതിയ minor വിഷയമായി മാറുമ്പോൾ വിദ്യാർത്ഥി മൂന്നാം സെമസ്റ്ററിൽ ഈ പുതിയ മൈനർ വിഷയത്തിന്റെ, കോളേജ് ഓഫർ ചെയ്യുന്ന ഏതെങ്കിലും Minorഗ്രൂപ്പിൽ നിന്നുള്ള മൂന്നാമത്തെ കോഴ്സ് പഠിക്കാവുന്നതാണ്. പ്രസ്തുത മൈനർ ഗ്രൂപ്പിലെ ആദ്യ രണ്ടു സെമസ്റ്ററുകളിലെ മൈനർ കോഴ്സുകൾ, വിദ്യാർത്ഥി പഠിച്ചു കഴിഞ്ഞ അതെ സെമസ്റ്ററുകളിലെ Major കോഴ്സുകൾക്ക് തുല്യമായി കണക്കാക്കാവുന്നതാണ്. അതിനാൽ, ആദ്യ രണ്ടു സെമസ്റ്ററിലെ Minor Course കൾ (മൂന്നാം സെമസ്റ്ററിൽ പഠിക്കുന്ന Minor Course ഉൾപ്പെടുന്ന ഗ്രൂപ്പിലെ) വിദ്യാർത്ഥി പുതുതായി എഴുതി എടുക്കേണ്ടതില്ല.

**6) Double Major pathway യിൽ നിന്നും മറ്റ് pathway യിലേക്ക് switch ചെയ്യുമ്പോൾ Double Majorൽ പഠിച്ച 2 ഡിസിപ്ലിനിൽ ഒന്ന് പുതിയ pathway യിലെ മേജർ ആയി നിലനിർത്തി മറ്റൊന്ന് മൈനർ ആക്കി മാറ്റാവുന്നതാണ്. ഈ സാഹചര്യത്തിൽ വരുന്ന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു :**

(a) പുതിയ pathway യിലെ മേജർ വിഷയത്തിൽ (ആദ്യ രണ്ട് സെമസ്റ്ററുകളിൽ) നേടിയ 12 credits ൽ 8 credits പുതിയ Major ന്റെ ആദ്യ രണ്ടു സെമസ്റ്ററുകളിലെ 8 credits ആയി കണക്കാക്കും. ഈ സാഹചര്യത്തിൽ, മൂന്നാം സെമസ്റ്റർ മുതൽ പഠിക്കാനുള്ള ഏതെങ്കിലും കോഴ്സ് ഒന്ന്, രണ്ട് സെമസ്റ്ററുകളിൽ (double code ചെയ്ത കോഴ്സുകൾ) പഠിച്ചതാണെങ്കിൽ, പ്രസ്തുത

കോഴ്സ് വീണ്ടും പഠിക്കുന്നതിൽ നിന്ന് വിദ്യാർത്ഥിക്ക് ഇളവ് നൽകാവുന്നതാണ്. അല്ലാത്ത സാഹചര്യത്തിൽ (double code ചെയ്യാത്ത സാഹചര്യത്തിൽ) , ഏതെങ്കിലും രണ്ടു കോഴ്സുകൾ നിലനിർത്തി മൂന്നാമത്തെ കോഴ്സിന്റെ credits, extra ക്രെഡിട് സ് ആയി പരിഗണിക്കാവുന്നതാണ്.

(b) പുതിയ pathway (Major with Minor Pathway / Single Major Pathway) യിലെ മൈനർ വിഷയത്തിൽ ആദ്യ രണ്ടു സെമസ്റ്ററുകളിൽ ആകെ 3 Minor കോഴ്സുകൾ മാത്രമാവുകയും deficient ആയ 4 credits നേടിയെടുക്കുന്നതിനായി ഒരു minor കോഴ്സ് ബന്ധപ്പെട്ട സെമസ്റ്ററിൽ എഴുതിയെടുക്കേണ്ടതാണ്.

(c) പുതിയ pathway (Major with Multiple disciplines pathway) യിലെ മൈനർ വിഷയത്തിൽ ആദ്യ രണ്ടു സെമസ്റ്ററുകളിൽ 3 Minor കോഴ്സുകളിൽ 2 എണ്ണം നിലനിറുത്തുകയും ബാക്കിയുള്ള ഒരു കോഴ്സിന്റെ 4 credits extra credits ആയി കണക്കാക്കാവുന്നതാണ്. കൂടാതെ വിദ്യാർത്ഥി മറ്റൊരു ഡിസ്സിപ്ലിനിൽ 2 മൈനർ കോഴ്സുകൾ ബന്ധപ്പെട്ട സെമസ്റ്ററുകളിൽ എഴുതിയെടുക്കേണ്ടതാണ്.

7) Double Major Pathway യിലേക്ക് സ്വിച്ച് ചെയ്യുന്ന സാഹചര്യത്തിൽ, പ്രസ്തുത Double Major പ്രോഗ്രാമിന്റെ ഒന്നും രണ്ടും സെമസ്റ്ററുകളിലുള്ള deficiency credits നേടിയെടുക്കുന്നതിനായി ആവശ്യമുള്ള കോഴ്സുകൾ അധികമായി എഴുതി എടുക്കേണ്ടതാണ്.

8) MDC യുടെ disciplineലേക്ക് സ്വിച്ച് ചെയ്യുമ്പോൾ അത് MDC ആയിത്തന്നെ നിലനിറുത്തി, MDC യുടെ ഡിസ്സിപ്ലിനിൽ ആദ്യത്തെ രണ്ടു സെമസ്റ്ററുകളിലെ Major കോഴ്സുകൾ അധികമായി എഴുതി എടുക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ, ആദ്യ രണ്ടു സെമസ്റ്ററുകളിൽ പഠിച്ച 2 Major കോഴ്സുകൾ (double code ചെയ്തതിനാൽ), Minor Course കളായിട്ടും അല്ലെങ്കിൽ പ്രസ്തുത കോഴ്സുകളുടെ 8 credits, extra credits ആയും പരിഗണിക്കാവുന്നതാണ്. Minor Course കളായി പരിഗണിക്കുന്ന സാഹചര്യത്തിൽ ഒന്നും രണ്ടും സെമസ്റ്ററുകളിലായി 6 Minor Course കളാവുകയും അതിൽ രണ്ട് കോഴ്സുകളുടെ credits (8 credits) ആയി പരിഗണിക്കാവുന്നതാണ്.

**9) BBA/BCA പ്രോഗ്രാമുകളിൽ നിന്നും MDC യുടെ disciplineലേക്ക് സ്വിച്ച് ചെയ്യുമ്പോൾ വരുന്ന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു :**

(a) പുതിയ പ്രോഗ്രാമിലെ ആദ്യത്തെ രണ്ടു സെമസ്റ്ററുകളിലെ 2 Major, 1 MDCകോഴ്സുകൾ additional ആയി എഴുതി എടുക്കേണ്ടതാണ്.

(b) ആദ്യത്തെ 2 സെമസ്റ്ററുകളിലെ 4 Major കോഴ്സുകൾക്ക് മൈനർ കോഡും കൊടുത്തിട്ടുള്ളതിനാൽ പ്രസ്തുത കോഴ്സുകൾ പുതിയ പ്രോഗ്രാമിലെ 4 മൈനർ കോഴ്സുകൾ ആയി പരിഗണിക്കാവുന്നതാണ്.

(c) ആദ്യത്തെ രണ്ടു സെമസ്റ്ററുകളിൽ പഠിച്ച , മൈനർ ആയി double code ചെയ്യാത്ത രണ്ടു Majorകോഴ്സുകളുടെ credits, extra credits ആയി പരിഗണിക്കാവുന്നതാണ്.

(d) ആദ്യത്തെ രണ്ടു സെമസ്റ്ററുകളിൽ പഠിച്ച രണ്ടു SEC കളിൽ ഒന്ന് സ്വിച്ചിങ്ങിനു ശേഷം പുതിയ പ്രോഗ്രാമിലെ അഞ്ചാമത്തെ സെമസ്റ്ററിലെ SEC2ആയി കണക്കാക്കുകയും രണ്ടാമത്തെ SECയുടെ credits എക്സ്ട്രാ credits ആയി പരിഗണിക്കാവുന്നതുമാണ്.

(e) ബിബിഎ, ബിസിഎ പ്രോഗ്രാമുകളിൽ അറ്റന്റൻസിലൂടെ മാത്രം ക്രെഡിറ്റ് നേടിയെടുക്കുന്ന AEC2, AEC4 എന്നീ വിഷയങ്ങൾ സ്വിച്ച് ചെയ്യുന്ന വിദ്യാർത്ഥികൾ പരീക്ഷ എഴുതി credits നേടിയെടുക്കേണ്ടതാണ്.

**10) മറ്റു പ്രോഗ്രാമിൽ നിന്നും BBA/BCA യിലേക്ക് സ്വിച്ച് ചെയ്യുമ്പോൾ വരുന്ന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു :**

(a) BBA/BCA offer ചെയ്യുന്ന MDC വഴി മാത്രം സ്വിച്ച് ചെയ്യുമ്പോൾ BBA/BCA യുടെ ആദ്യത്തെ രണ്ടു സെമസ്റ്ററുകളിലെ 6 Major Course കളും 2 SECകോഴ്സുകളും additional ആയി എഴുതി എടുക്കേണ്ടതാണ്. കൂടാതെ വിദ്യാർഥികൾ നിലവിൽ പഠിച്ച 2 Major, 4 Minor, I MDC കോഴ്സുകളുടെ credits extra credits ആയി പരിഗണിക്കുകയും ചെയ്യാവുന്നതാണ്.

(b) BBA/BCA പ്രോഗ്രാമുകളിൽ ആദ്യ രണ്ടു സെമസ്റ്ററുകളിലായി 6 Major Course കൾ പഠിക്കേണ്ടതിനാൽ, ഈ പ്രോഗ്രാമുകൾ offer ചെയ്യുന്ന മൈനർ വഴി ( മൈനർ ആയി double code ചെയ്ത 4 Major Course കൾ ഉൾപ്പെടെ) സ്വിച്ച് ചെയ്യുമ്പോൾ ഒന്നും രണ്ടും സെമസ്റ്ററുകളിൽ പഠിച്ച മൈനർ കോഴ്സുകൾ മേജർ കോഴ്സുകളാവുകയും, Minorആയി തിരഞ്ഞെടുക്കാതിരുന്ന ആദ്യ രണ്ടു സെമസ്റ്ററുകളിലെ വിഷയങ്ങൾ Major ആയി എഴുതിയെടുക്കേണ്ടതുമാണ്.

**11) Major സ്വിച്ച് ചെയ്യുമ്പോൾ വരുന്ന deficient course കൾ ബന്ധപ്പെട്ട സെമസ്റ്ററുകളിൽ Deficiency Regular Session ആയി കണക്കാക്കേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികൾക്ക് ഒന്നും രണ്ടും സെമസ്റ്ററുകളിലെ deficientആയ കോഴ്സുകൾ പഠിക്കുന്നതിനായി കോളേജ് അധികൃതർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു :**

(a) Deficient credits നേടിയെടുക്കേണ്ടതിനായി ആവശ്യമായ കോഴ്സുകൾ അഞ്ചാം സെമസ്റ്ററിനുള്ളിൽ എഴുതിയെടുക്കേണ്ടതാണ്.

(b) ഒന്നാം സെമസ്റ്ററിലെ Deficient Course കൾ ഒന്നാം സെമസ്റ്റർ പരീക്ഷകളോടൊപ്പവും രണ്ടാം സെമസ്റ്ററിലേത് രണ്ടാം സെമസ്റ്റർ പരീക്ഷകളോടൊപ്പവും റെഗുലർ ആയി എഴുതി എടുക്കാവുന്നതാണ്.

(c) Supplementary/ Improvement പരീക്ഷകൾക്ക് നിലവിലുള്ള നിയമങ്ങൾ Deficient Course കളുടെ കാര്യത്തിലും ബാധകമാണ്.

(d) Deficient Course കളുടെ Internal മൂല്യനിർണയം നടത്തുന്നതിനുള്ള നടപടികൽ സ്വീകരിക്കേണ്ടതാണ്.

(e) Tutorial Hours പരമാവധി പ്രയോജനപ്പെടുത്തി, Deficient Course കൾ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്.

12) ആദ്യത്തെ രണ്ടു സെമസ്റ്ററുകളിൽ വിവിധ മേജർ ഡിസിപ്ലിനിനുകൾക്ക് അനുസൃതമായി (BA Languages, BA Humanities and Other BA Programmes, BSc, and BCom & Management) AEC1, AEC2, AEC3, AEC4 പ്രത്യേകമായി പഠിച്ച വിദ്യാർഥികൾ മൂന്നാം സെമസ്റ്ററിന്റെ തുടക്കത്തിൽ Majorവിഷയം സ്വിച്ച് ചെയ്യുമ്പോൾ , അവർ പുതിയ Major ഡിസിപ്ലിനുകൾക്ക് അനുസൃതമായി ഈ കോഴ്സുകൾ വീണ്ടും എഴുതി എടുക്കേണ്ടതില്ല.

13) മുകളിൽ സൂചിപ്പിച്ച സന്ദർഭങ്ങളിൽ നിന്നും വ്യത്യസ്തമായ ഏതെങ്കിലും സന്ദർഭത്തിൽ വിദ്യാർത്ഥിക്ക് switching നു ശേഷം മേജർ /മൈനർ കോഴ്സുകളുടെ ക്രെഡിറ്റുകൾക്ക് deficiency വരികയാണെങ്കിൽ ബന്ധപ്പെട്ട സെമസ്റ്ററുകളിൽ വേണ്ടത്ര കോഴ്സുകൾ എഴുതി എടുക്കേണ്ടതാണ്.

14) റെഗുലേഷനിലെ Clause 4.19 പ്രകാരം നിഷ്കർഷിച്ച, "Major ഡിസിപ്ലിനിൽ നിന്ന് വ്യത്യസ്തമായ ഡിസ്‌സിപ്ലിനിൽ നിന്നുള്ള MDC ആയിരിക്കണം ആദ്യത്തെ രണ്ടു സെമസ്റ്ററുകളിൽ പഠിക്കേണ്ടത്" എന്ന വ്യവസ്ഥ, മൂന്നാം സെമസ്റ്ററിന്റെ ആദ്യത്തിൽ MDC യുടെ disciplineലേക്ക് Major വിഷയം സ്വിച്ച് ചെയ്യുമ്പോൾ ബാധകമല്ല.

15) മൂന്നാം സെമസ്റ്ററിൽ മേജർ വിഷയം സ്വിച്ച് ചെയ്യുന്ന വിദ്യാർത്ഥികൾ, ആദ്യ രണ്ടു സെമസ്റ്ററുകളിൽ നേടിയ, എക്സ്ട്രാ ക്രെഡിറ്റ്സ് ആയി കണക്കാക്കേണ്ട കോഴ്സുകളുടെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ തീരുമാനത്തിനനുസൃതമായി, കോളേജ് പ്രിൻസിപ്പൽമാർ പരീക്ഷ ഭവനിലേക്ക് കൈമാറേണ്ടതാണ്.

# PROFORMA

## SWITCHING DETAILS

### FYUGP – 2025 admission

*If any new course of the student is a deficiency course, then add the course name in the space for deficiency courses also.

<table>
<tr><th colspan="6">Switching to Programmes other than BBA, BCA & DOUBLE MAJOR</th></tr>
<tr><td colspan="6">Reg. No. -<br>Name -<br>New Programme -<br>College -</td></tr>
<tr><th colspan="6">New Courses(with course code) in First & Second Semester after switching</th></tr>
<tr><td colspan="2">Semester</td><td>Major</td><td>Minor</td><td>Minor</td><td>Extra credits if any</td></tr>
<tr><td colspan="2">First</td><td></td><td></td><td></td><td></td></tr>
<tr><td colspan="2">Second</td><td></td><td></td><td></td><td></td></tr>
<tr><td rowspan="2">Deficiency Courses if any</td><td>First Semester</td><td></td><td></td><td></td><td rowspan="2"></td></tr>
<tr><td>Second Semester</td><td></td><td></td><td></td></tr>
</table>

| | | | | | |
|---|---|---|---|---|---|

Signature of the student -

Signature of the Principal with Office seal -

<table>
<tr><th colspan="9">Switching from BBA/BCA to other programmes</th></tr>
<tr><td colspan="9">Reg. No. -<br>Name -<br>New Programme -<br>College -</td></tr>
<tr><td colspan="9">New Courses(with course code) in First & Second Semester after switching</td></tr>
<tr><td colspan="2">Semester</td><td>Major</td><td>Minor</td><td>Minor</td><td>AEC 2</td><td>AEC 4</td><td rowspan="2">MDC II</td><td>Extra credits if any</td></tr>
<tr><td colspan="2">First</td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td colspan="2">Second</td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td rowspan="2">Deficiency courses if any</td><td>First</td><td></td><td></td><td></td><td></td><td></td><td></td><td rowspan="2"></td></tr>
<tr><td>Second</td><td></td><td></td><td></td><td></td><td></td><td></td></tr>
</table>

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |

Signature of the student -

Signature of the Principal with Office seal -

<table>
<tr><th colspan="7">Switching to BBA/BCA from other programmes</th></tr>
<tr><td colspan="7">Reg. No. -<br>Name -<br>New Programme -<br>College -</td></tr>
<tr><td colspan="7">New Courses(with course code) in First & Second Semester after switching</td></tr>
<tr><td colspan="2">Semester</td><td>Major</td><td>Major</td><td>Major</td><td>SEC</td><td>Extra credits if any</td></tr>
<tr><td colspan="2">First</td><td></td><td></td><td></td><td></td><td></td></tr>
<tr><td colspan="2">Second</td><td></td><td></td><td></td><td></td><td></td></tr>
<tr><td rowspan="2">Deficiency Courses if any</td><td>First</td><td></td><td></td><td></td><td></td><td rowspan="2"></td></tr>
<tr><td>Second</td><td></td><td></td><td></td><td></td></tr>
</table>

Signature of the student -

Signature of the Principal with Office seal -

<table>
<tr><th colspan="7">Switching to Double Major Pathway from other pathways</th></tr>
<tr><td colspan="7">Reg. No. -<br>Name -<br>New Programme -<br>College -</td></tr>
<tr><th colspan="7">New Courses(with course code) in First & Second Semester after switching</th></tr>
<tr><td colspan="2">Semester</td><td>Major</td><td>Major</td><td>Major</td><td>MDC</td><td>Extra credits if any</td></tr>
<tr><td colspan="2">First</td><td></td><td></td><td></td><td></td><td></td></tr>
<tr><td colspan="2">Second</td><td></td><td></td><td></td><td></td><td></td></tr>
<tr><td rowspan="2">Deficiency Courses if any</td><td>First</td><td></td><td></td><td></td><td></td><td rowspan="2"></td></tr>
<tr><td>Second</td><td></td><td></td><td></td><td></td></tr>
</table>

Signature of the student -

Signature of the Principal with Office seal -

<table>
<tr><th colspan="6">Switching from Double Major Pathway to other pathways</th></tr>
<tr><td colspan="6">Reg. No. -<br>Name -<br>New Programme -<br>College -</td></tr>
<tr><th colspan="6">New Courses(with course code) in First & Second Semester after switching</th></tr>
<tr><td colspan="2">Semester</td><td>Major</td><td>Minor</td><td>Minor</td><td>Extra credits if any</td></tr>
<tr><td colspan="2">First</td><td></td><td></td><td></td><td></td></tr>
<tr><td colspan="2">Second</td><td></td><td></td><td></td><td></td></tr>
<tr><td rowspan="2">Deficiency Courses if any</td><td>First</td><td></td><td></td><td></td><td rowspan="2"></td></tr>
<tr><td>Second</td><td></td><td></td><td></td></tr>
</table>

Signature of the student -

Signature of the Principal with Office seal -